ആഹാരം നൽകുന്നതിനുള്ള പദ്ധതി തുടങ്ങിയവയെ സംബന്ധിച്ചുള്ള ഉത്തരവുകളും ഇതിനകംതന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. ബാക്കി കാര്യങ്ങളെ സംബന്ധിച്ച നടപടികളും ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നുണ്ട്.

(ബി) ബാലവാടി ടീച്ചർമാർക്ക് വിവിധ ഡിപ്പാർട്ടുമെൻറുകളിൽ വ്യത്യസ്തമായ ശമ്പള നിരക്കുകളാണ് കൊടുക്കുന്നതെന്നും അവ ഏകീകരിക്കണമെന്നും ആവശ്യപ്പെട്ടപ്പോൾ ആ കാര്യം പരിശോധിക്കാമെന്ന് പറഞ്ഞിരുന്നു. അതിൻെറ അടിസ്ഥാനത്തിൽ വിവിധ വകുപ്പദ്ധ്യക്ഷൻമാരുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ ബാലവാടി ടീച്ചർമാരുടെ പ്രശ്നങ്ങളെപ്പറ്റിയും അവർ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളെപ്പറ്റിയും മറ്റുമുള്ള വിവരങ്ങൾ ശേഖരിച്ചുവരികയാണ്. അതിൻമേൽ കഴിയുന്നതും വേഗം ഒരു തീരുമാനം എടുക്കുന്നതായിരിക്കും.

സെൻസർ സർട്ടിഫിക്കറ്റ് നൽകുന്നതിനു കാലതാമസം

152 [217] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശ്രീ. വി. പി. മുഹമ്മദ് സംവിധാനംചെയ്ത ''ഉൽപ്പത്തി''ക്ക് സെൻസർ സർട്ടിഫിക്കറ്റ് നൽകുന്നതിന് കാലതാമസം വരുത്തുന്നുവെന്ന ആരോപണം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ഉത്തരം

ഇല്ല.

ടാക്സ് കുടിശ്ശിക

153 [218] ശ്രീ. പി. കെ. ശ്രീനിവാസൻ:

,, വി. കെ. രാജൻ:

,, സി. എ. കുര്യൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെയിൽസ് ടാക്സ് ഇനത്തിൽ ഗവൺമെൻറിൽ ഒരു ലക്ഷം രൂപക്കുമേൽ അടച്ചുതീർക്കുവാനുള്ള എത്രപേർ ഉണ്ട്;

(ബി) മൊത്തം ഈ വകയിൽ എത്ര സംഖ്യ കിട്ടുവാനുണ്ട്;

(സി) അവരുടെ ജില്ലതിരിച്ച കണക്ക് എത്രവീതം?

ഉത്തരം

(എ) വിൽപ്പനനികുതി ഇനത്തിൽ ഗവൺമെൻറിലേക്ക് ഒരു ലക്ഷം രൂപക്കുമേൽ അടച്ചുതീർക്കുവാൻ 338 പേരുണ്ട്. (31-3-1979-ൽ)

(ബി) മൊത്തം ഈ വകയിൽ കിട്ടുവാനുള്ള സംഖ്യ 20.62 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly